(ബി) സീറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ത്രൈമാസത്തേയ്ക്ക്:

1. ഓർഡിനറി .. 600 രൂപ
2. ഫാസ്റ്റ് പാസഞ്ചർ /എക്സ്പ്രസ്സ് .. 690 രൂപ

നിന്ന് യാത്ര ചെയ്യുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഓരോ യാത്രക്കാരനും:

എ. ഓർഡിനറി/ഫാസ്റ്റ്/എക്സ്പ്രസ്സ് .. 210 രൂപ
ബി. സിറ്റി/ടൗൺ പെർമിറ്റ് മാത്രമുള്ള ഓർഡിനറി/ഫാസ്റ്റ്/ .. 150 രൂപ
എക്സ്പ്രസ്സ് വാഹനത്തിന്

ഒരു വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റിയുടെ (ഡ്രൈവർ, കണ്ടക്ടർ സീറ്റ് ഒഴികെ) 25% ആണ് അനുവദനീയമായ സ്റ്റാൻഡിംഗ് പാസഞ്ചേഴ്സിന്റെ എണ്ണം. സിറ്റി, ടൗൺ ബസ്സുകളിൽ സീറ്റിംഗ് കപ്പാസിറ്റിയുടെ 50% യാത്രക്കാരെ നിന്നു യാത്ര ചെയ്യാൻ അനുവദിച്ചിട്ടുണ്ട്.

(സി) യാത്രാ ബസ്സുകളുടെ നികുതി ഏറ്റവും ഒടുവിലായി വർദ്ധിപ്പിച്ചത് 1-10-2001 മുതലാണ്. (ബി)-യിൽ കാണിച്ചിരിക്കുന്ന (1) (2) (എ), (ബി) വിഭാഗങ്ങളിൽ യഥാക്രമം 200 രൂപ, 230 രൂപ, 70 രൂപ, 50 രൂപ എന്നീ പ്രകാരമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

(ഡി) 381.

(ഇ) ഉത്തരം ബി-യിൽ പ്രതിപാദിച്ച നികുതി നിരക്കുകൾ തന്നെയാണ് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന ബസ്സുകൾക്കും അടയ്ക്കേണ്ടത്. നികുതി വിവിധ ആർ.ടി. ഓഫീസുകളിലാണ് ശേഖരിക്കുന്നത്. ആയതിനാൽ മൊത്തത്തിൽ വസൂലാക്കുന്ന സംഖ്യ വിവിധ ഓഫീസുകളിൽനിന്നും ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) 56.

(ജി) ആൾ ഇൻഡ്യാ പെർമിറ്റുള്ള ടൂറിസ്റ്റ് ബസ്സുകൾക്ക് സീറ്റൊന്നിന് ത്രൈമാസത്തേയ്ക്ക് 1,400 രൂപയായിരുന്നു നികുതി ഈടാക്കിയിരുന്നത്. എന്നാൽ എസ്.ആർ.ഒ. നമ്പർ 584/03 പ്രകാരം ഇത് 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വാഹനങ്ങളിൽനിന്നും ഏകദേശം ഒരു കോടി രൂപ നികുതിയിനത്തിൽ ലഭിക്കുന്നുണ്ട്.

തമിഴ്നാട് ട്രാൻസ്പോർട്ട് കേരളാതിർത്തിയിൽ നടത്തുന്ന അനധികൃത സർവ്വീസുകൾ

65 [5621] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി.-യും മറ്റു സംസ്ഥാന ട്രാൻസ്പോർട്ടുകളും എത്ര ബസ്സുകൾ ഇന്റർ-സ്റ്റേറ്റ് ആയി ഓടിക്കുന്നു എന്ന് വ്യക്തമാക്കുമോ; ഇതിന് സർക്കാർ അംഗീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റു സംസ്ഥാന ട്രാൻസ്പോർട്ടുകൾ ഇന്റർ-സ്റ്റേറ്റ് സർവ്വീസുകൾ നടത്തുന്നതിന് അവർക്ക് അനുമതി നൽകിയിട്ടുള്ളതിലും കൂടുതൽ നിർദ്ദേശങ്ങൾ ലംഘിച്ച് റൂട്ടുകൾ മാറ്റി ഓടിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ എത്ര കേസ്സുകൾ പിടികൂടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന അതിർത്തിയായ കളിയിക്കാവിള കഴിഞ്ഞ് കേരള സംസ്ഥാന പ്രദേശങ്ങളിൽ ഇപ്പോൾ തമിഴ്നാട് എത്ര സർവ്വീസുകൾ ഓർഡിനറിയുൾപ്പെടെ നടത്തുന്നു; അവ ഏതെല്ലാം; തമിഴ്നാട്ടിലേക്ക് കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസുകൾ നടത്തുന്നു; അവ ഏതെല്ലാം; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) തമിഴ്നാട് ട്രാൻസ്പോർട്ട് കേരളാതിർത്തിയിൽ അനധികൃത സർവ്വീസുകൾ നടത്തി കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കേണ്ട വരുമാനം തട്ടിയെടുക്കുന്നത് തടയുവാൻ കെ.എസ്.ആർ.ടി.സി. എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) തമിഴ്നാട് നടത്തുന്ന അനധികൃത സർവ്വീസുകൾ കണ്ടുപിടിച്ച് നിറുത്തലാക്കുന്നതിനും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിച്ച് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(ജി) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകൾ ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ വിവിധ ഡിപ്പോകളിലായി എത്ര സ്റ്റേ ബസ്സുകൾ നിറുത്തലാക്കിയിട്ടുണ്ട്; ഡിപ്പോതിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(എച്ച്) ഈ സ്റ്റേ ബസ്സുകൾ പുനരാരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട തിരുവനന്തപുരം-നാഗർകോവിൽ, തിരുവനന്തപുരം-കന്യാകുമാരി, തിരുവനന്തപുരം-തെങ്കാശി, തിരുവനന്തപുരം- പഴനി, തിരുവനന്തപുരം-കോയമ്പത്തൂർ, പാലക്കാട്-കോയമ്പത്തൂർ, എറണാകുളം-കോയമ്പത്തൂർ, കൊല്ലം-തെങ്കാശി, കോഴിക്കോട്-ബാംഗ്ലൂർ എന്നീ വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലായി കെ.എസ്.ആർ.ടി.സി.-ക്ക് 263 ബസ്സുകളും, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന് 187 ബസ്സുകളും, കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് 107 ബസ്സുകളും, പോണ്ടിച്ചേരി ട്രാൻസ്പോർട്ട് കോർപ്പറേഷന് 2 ബസ്സുകളും സർവ്വീസ് നടത്താവുന്നതാണ്. ഇരു സംസ്ഥാനങ്ങളിലും ഓടിക്കേണ്ട സർവ്വീസുകൾ സംസ്ഥാനങ്ങൾ തമ്മിൽ തീരുമാനിച്ച്, കിലോമീറ്റർ പാരിറ്റിയിലാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്.

(ബി) റൂട്ടുകൾ മാറ്റി ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോട്ടോർ വാഹനവകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഇത്തരം വാഹനങ്ങൾ പരിശോധിക്കാൻ അധികാരമുണ്ട്.

(സി) കേസുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ. എസ്. ആർ. ടി. സി. നാഗർകോവിലിലേക്ക് 160 ട്രിപ്പുകളും, കന്യാകുമാരിയിലേക്ക് 16 ട്രിപ്പുകളും, അരുമനയ്ക്ക് 12 ട്രിപ്പുകളും, കുളച്ചലിലേക്ക് 22 ട്രിപ്പുകളും, തേങ്ങാപട്ടണത്തേക്ക് 16 ട്രിപ്പുകളും, തൃപ്പരപ്പിലേക്ക് 6 ട്രിപ്പുകളും, പേച്ചിപ്പാറയ്ക്ക് 12 ട്രിപ്പുകളും നടത്തുന്നുണ്ട്. മണവാളക്കുറിച്ചിക്ക് 6 ട്രിപ്പുകളും, തലക്കുളത്തേക്ക് 2 ട്രിപ്പുകളും നടത്തുന്നുണ്ട്.

തമിഴ്നാട് കോർപ്പറേഷൻ തിരുവനന്തപുരം-നാഗർകോവിൽ 162 ട്രിപ്പുകളും, തിരുവനന്തപുരം-കന്യാകുമാരി 10 ട്രിപ്പുകളും, തിരുവനന്തപുരം-തിരുനെൽവേലി 2 ട്രിപ്പുകളും, തിരുവനന്തപുരം-തിരുച്ചന്തൂർ 2 ട്രിപ്പുകളും, തിരുവനന്തപുരം-കുളച്ചൽ 12 ട്രിപ്പുകളും, തിരുവനന്തപുരം-മണവാളക്കുറിച്ചി 12 ട്രിപ്പുകളും, തിരുവനന്തപുരം-പേച്ചിപ്പാറ 6 ട്രിപ്പുകളും, തലക്കുളം-മണ്ണടി 2 ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

(ജി) നഷ്ടത്തിൽ ഓടിയിരുന്ന 48 സ്റ്റേ ട്രിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി	..	4
വികാസ്ഭവൻ	..	4
പേരൂർക്കട	..	4
പാപ്പനംകോട്	..	2
വെള്ളനാട്	..	5
നെയ്യാറ്റിൻകര	..	8
കാട്ടാക്കട	..	3
നെടുമങ്ങാട്	..	4
വെള്ളറട	..	1
പാലോട്	..	1
കിളിമാനൂർ	..	3
ആറ്റിങ്ങൽ	..	2
കണിയാപുരം	..	1
വിഴിഞ്ഞം	..	2
പൂവാർ	..	4

(എച്ച്) ശരാശരി വരുമാനം കിലോമീറ്ററിന് 10 രൂപയിൽ കുറവുള്ള സ്റ്റേ ട്രിപ്പുകളാണ് നിർത്തൽ ചെയ്തത്. ഇവ പുനരാരംഭിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly